# പതിമൂന്നാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1792 17/06/13-ൽ മറുപടിക്ക്

## നെയ്യാറ്റിൻകര മണ്ഡലത്തിൽ തീരദേശറോഡ് നവീകരിക്കുന്നതിന് പദ്ധതി

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ് :

**മറുപടി**

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാറ്റിൻകര തീരദേശ റോഡ് നവീകരിക്കുന്നതുൾപ്പെടെ ഏതെല്ലാം പദ്ധതികൾക്കാണ് മത്സ്യബന്ധനവും തുറമുഖവും വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് നെയ്യാറ്റിൻകര മണ്ഡലത്തിൽ നാല് തീരദേശ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. കുളത്തൂർ പഞ്ചായത്തിലെ വെട്ടുകാട് തെരുവിയം റോഡ്.
2. പൊഴിയൂർ പഞ്ചായത്തിലെ വീരാലി മുഴക്കവിള പൊഴിയൂർ റോഡ്.
3. പൊഴിയൂർ വാളംകുളം ചാനൽ റോഡ്.
4. ~~പരുത്തിയൂർ പൊഴിക്കര ബീച്ച് റോഡ്.~~

നെയ്യാറ്റിൻകര മണ്ഡലത്തിൽ പൊഴിയൂർ ഉൾപ്പെടുന്ന മത്സ്യഗ്രാമത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതി, സാനിട്ടേഷൻ പദ്ധതി എന്നിവയും കുളത്തൂർ കാരോട് പഞ്ചായത്തുകളിൽ മത്സ്യസമൃദ്ധി പദ്ധതിയും ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്നു.

| | |
|---|---|
| (ബി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും ഇപ്പോൾ പ്രവൃത്തികൾ ഏത് ഘട്ടം വരെയായെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) കുളത്തൂർ പഞ്ചായത്തിലെ വെട്ടുകാട് തെരവിയം റോഡ്, പൊഴിയൂർ പഞ്ചായത്തിലെ വീരാലി മുഴക്കവിള പൊഴിയൂർ റോഡ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>പൊഴിയൂർ വാളംകുളം ചാനൽ റോഡ് പഞ്ചായത്ത് മുഖേന ഏർപ്പാടാക്കിയതിനാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല.<br>പരുത്തിയൂർ പൊഴിക്കര ബീച്ച് റോഡിന് 17/05/2013 ൽ ഭരണാനുമതി നൽകുകയും മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഫിഷറീസ് വകുപ്പിന്റെ പദ്ധതി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (സി) ഫിഷറീസ് വകുപ്പ് അനുവദിച്ച ഏതെങ്കിലും പദ്ധതികൾ ഇനിയും ആരംഭിക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) ഇല്ല. |
| (ഡി) 2013-2014 വർഷം നെയ്യാറ്റിൻകര മണ്ഡലത്തിലെ തകർന്നുകിടക്കുന്ന തീരദേശറോഡുകൾ ഉൾപ്പെടെ മറ്റ് പ്രവൃത്തികളുടെ നവീകരണത്തിന് ഭരണാനുമതി നൽകുമോ? | (ഡി) 2013-14 വർഷം നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അംഗീകൃത ലിസ്റ്റിൽ<br>1. കാരോട് ഗ്രാമപഞ്ചായത്തിലെ പൊഴിയൂർ ക്ഷേത്രനട കരയ്യാവിള റോഡ്.<br>2. വലിയവിള നളയൽവിള റോഡ്.<br>3. കല്ലിറോഡ്<br>4. കുളത്തൂർ പഞ്ചായത്തിലെ ഭഗവതി വിള ചൂര്യോട് മാവിളക്കടവ് റോഡ് എന്നീ 4 തീരദേശ റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി റോഡുകൾക്ക് ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റുകൾ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ